സൂറഃ-9

# അത്തൗബ

## ആമുഖം

**തൗബ** എന്നും ബറാഅഃ എന്നും ഈ സൂറക്ക് പേരുണ്ട്. അല്ലാഹു സത്യവിശ്വാസികളുടെ പശ്ചാത്താപം സ്വീകരിച്ച് അവരെ പാപങ്ങളില്‍നിന്ന് ശുദ്ധീകരിച്ച് രക്ഷിക്കുന്നതിനെക്കുറിച്ച് ഇതില്‍ പറയുന്നുവെന്നതാണ് അത്തൗബ എന്ന പേരിനാസ്പദം. തൗബ എന്നാല്‍ പശ്ചാത്താപം. ബറാഅഃ എന്ന പദത്തിനര്‍ഥം വിമുക്തി, ഉത്തരവാദിത്വമൊഴിയല്‍, നിരപരാധിത്വം അംഗീകരിക്കല്‍ എന്നൊക്കെയാണ്. ബര്‍റഅഹു എന്ന വാക്കിന് അയാളെ കുറ്റവിമുക്തനാക്കി എന്നും ഉത്തരവാദിത്വത്തില്‍നിന്ന് ഒഴിവാക്കി എന്നും അര്‍ഥമുണ്ട്. ബരിഅ മിനല്‍ അഹ്ദി എന്നാല്‍ കരാറില്‍നിന്നൊഴിഞ്ഞു. ബരിഅ മിനല്‍ മറദി, രോഗമുക്തനായി. ഉത്തരവാദിത്വമൊഴിയുക എന്ന അര്‍ഥത്തിലാണ് ഈ സൂറ ബറാഅഃ എന്ന് നാമകരണം ചെയ്യപ്പെട്ടിരിക്കുന്നത്. സൂറ ആരംഭിക്കുന്നത് അല്ലാഹുവും റസൂലും ബഹുദൈവവിശ്വാസികളുമായുള്ള കരാറില്‍നിന്നൊഴിഞ്ഞതായി പ്രഖ്യാപിച്ചുകൊണ്ടാണ് എന്നതാകുന്നു ഈ നാമകരണത്തിന്റെ ഔചിത്യം. നബി(സ)യും ഖുറൈശികളും മറ്റു ബഹുദൈവവിശ്വാസികളുമായി ഒരു പൊതുധാരണയുണ്ടായിരുന്നു. മസ്ജിദുല്‍ ഹറാം ആരും ആര്‍ക്കും വിലക്കരുത്, യുദ്ധം നിഷിദ്ധമാക്കപ്പെട്ട മാസങ്ങളെ എല്ലാവരും മാനിക്കണം, ഇതായിരുന്നു ആ പൊതുധാരണ. ഇതുകൂടാതെ പല അറേബ്യന്‍ ഗോത്രങ്ങളുമായും പ്രവാചകന്‍ കാലാവധി നിശ്ചയിച്ചും അല്ലാതെയും പ്രത്യേക കരാറുകളും ഉണ്ടാക്കിയിരുന്നു. അക്കൂട്ടത്തിലൊന്നായിരുന്നു ഹിജ്റ 6-ാം ആണ്ടില്‍ ഖുറൈശികളുമായുണ്ടാക്കിയ ഹുദൈബിയാ സന്ധി. ഖുറൈശികള്‍ ഈ സന്ധി ലംഘിച്ചു. തുടര്‍ന്ന് മറ്റു ഗോത്രങ്ങളും പ്രവാചകനുമായുള്ള കരാറുകള്‍ ലംഘിക്കാന്‍ തുടങ്ങി. ഈ അവസ്ഥയില്‍ മുസ്‌ലിംകളുമായി കരാറുണ്ടാക്കിയിട്ട് തഞ്ചം കിട്ടുമ്പോഴൊക്കെ അതു ലംഘിക്കുന്ന എല്ലാവരുമായും ഉള്ള കരാറിന്റെ ഉത്തരവാദിത്വത്തില്‍നിന്ന് അല്ലാഹുവും റസൂലും ഒഴിവാകുന്നു എന്നു വിളംബരം ചെയ്യുകയാണ് ഈ സൂറ.

ഖുറൈശികളുടെ കരാര്‍ ലംഘനത്തെത്തുടര്‍ന്ന് ഹിജ്റ 8-ാം ആണ്ടില്‍ മുസ്‌ലിംകള്‍ മക്കയെ അവരില്‍നിന്നു മോചിപ്പിച്ചിരുന്നു. രക്ത രഹിതമായിരുന്നു ആ നടപടി. എങ്കിലും സന്ധി ലംഘിച്ച ഖുറൈശികള്‍ക്ക് മുഹമ്മദിന് കീഴടങ്ങേണ്ടി വന്നു എന്നത് പല ഗോത്രങ്ങളുടെയും കണ്ണു തുറപ്പിച്ചു. ഖുറൈശികള്‍ തന്നെ നേരത്തെ പ്രചരിപ്പിച്ചതനുസരിച്ച് ഇസ്‌ലാം സത്യമാണെന്നും അതിനു ഭാവിയുണ്ടെന്നും തെളിയിക്കുന്നതാണ് ഈ സംഭവം. ബദ്റിലും ഉഹുദിലുമൊക്കെ തങ്ങള്‍ക്ക് ക്ഷതമേറ്റിട്ടുണ്ടെങ്കിലും അന്തിമവിജയം തങ്ങള്‍ക്കായിരിക്കുമെന്നാണ് അവര്‍ പ്രചരിപ്പിച്ചിരുന്നത്. കാരണം തങ്ങള്‍ പൂര്‍വികര്‍ പാലിച്ചുപോന്ന സത്യത്തിലും ധര്‍മത്തിലുമാണ്. സത്യമേ ജയിക്കൂ. മുഹമ്മദ് പൂര്‍വികമായ വിശ്വാസാചാരങ്ങളെ ധിക്കരിക്കുന്ന വ്യാജനായതിനാല്‍ ഇന്നല്ലെങ്കില്‍ നാളെ പരാജയം സുനിശ്ചിതമാണ്. ഇങ്ങനെ വാദിച്ചിരുന്ന ഖുറൈശികളാണ് ഇപ്പോള്‍ മുഹമ്മദിനു മുന്നില്‍ ഒന്നു പൊരുതിനോക്കാന്‍ പോലും ധൈര്യപ്പെടാതെ ആയുധം വച്ചു കീഴടങ്ങിയിരിക്കുന്നത്. അതിനാല്‍ അല്ലാഹുവിന്റെ പിന്തുണയുള്ള സത്യവാന്‍ തന്നെയാണ് മുഹമ്മദ്. ഈയടിസ്ഥാനത്തില്‍ ഒറ്റക്കും കൂട്ടമായും ആളുകള്‍ ഇസ്‌ലാമിലേക്ക് വന്നുകൊണ്ടിരുന്നു. അറേബ്യയുടെ എല്ലാ ഭാഗങ്ങളിലും ഇസ്‌ലാമിന് വേരോട്ടമുണ്ടായി.

അതേസമയം ഇസ്‌ലാമിനോടുള്ള വിരോധം വര്‍ധിച്ചു വരുന്ന ഗോത്രങ്ങളും ഉണ്ടായിരുന്നു. മക്കാവിജയം അവരെ രോഷാകുലരാക്കി. അറബികളുടെ പൊതു തീര്‍ഥാടന കേന്ദ്രമായ മസ്ജിദുല്‍ ഹറാമിന്റെ നിയന്ത്രണം മുസ്‌ലിംകളുടെ കൈയിലാകുന്നതും അവിടെനിന്ന് പൂജാവിഗ്രഹങ്ങള്‍ എടുത്തുമാറ്റപ്പെടുന്നതും അവര്‍ക്കു സഹിക്കാവുന്നതിലപ്പുറമായിരുന്നു. ഇങ്ങനെ പോയാല്‍ നാളെയോ മറ്റെന്നാളോ തങ്ങളും മുസ്‌ലിംകള്‍ക്ക് കീഴടങ്ങേണ്ടിവരും എന്ന് അവര്‍ ഭയപ്പെട്ടു. ഈ ആപത്ത് ഇനിയും കനക്കാന്‍ അനുവദിക്കാതെ എത്രയും പെട്ടെന്ന് മുസ്‌ലിംകളെ സര്‍വശക്തിയും സംഭരിച്ച് അടിച്ചൊതുക്കാന്‍ അവര്‍ തീരുമാനിച്ചു. ഹവാസിന്‍, ഥഖീഫ്, നസ്ര്‍, ജുശം ഗോത്രങ്ങള്‍ ഒരു മഹാ സൈനിക മുന്നണി രൂപീകരിച്ച് മുസ്‌ലിംകള്‍ക്കെതിരെ പുറപ്പെട്ടു. മക്കാ വിമോചനം നടന്ന് ഏതാനും ആഴ്ചകളേ കഴിഞ്ഞിരുന്നുള്ളൂ. അപ്പോഴാണ് പുതിയ ഭീഷണിയെക്കുറിച്ച് മുസ്‌ലിംകള്‍ അറിയുന്നത്. പ്രവാചകനും സംഘവും അവരെ നേരിടാന്‍ തയാറായി. മക്കയെ ഖുറൈശികളില്‍നിന്ന് മോചിപ്പിച്ച തങ്ങള്‍ക്ക് ഈ പുതിയ സൈനിക ശക്തികളെ അനായാസം തോല്‍പിച്ചോടിക്കാനാകുമെന്ന അമിതമായ ഒരാത്മവിശ്വാസം മുസ്‌ലിംകള്‍ക്ക് ഉണ്ടായിരുന്നു. അതിനവര്‍ വലിയ വിലകൊടുക്കേണ്ടിയും വന്നു. ആദ്യഘട്ടത്തില്‍ മുസ്‌ലിംകള്‍ പിന്തിരിഞ്ഞോടാന്‍ നിര്‍ബന്ധിതരായി. നിരവധി ഭടന്മാര്‍ രക്തസാക്ഷികളായി. എങ്കിലും ഓടിപ്പോയവര്‍ താമസിയാതെ തിരിച്ചുവന്നു വീണ്ടും ശത്രുക്കളെ നേരിട്ടപ്പോള്‍ വമ്പിച്ച വിജയം നേടുകയും ചെയ്തു. ഇതാണ് ഹുനൈന്‍ യുദ്ധം.

ഈ സംഭവത്തിനുശേഷവും പ്രവാചകന്‍ നിയോഗിച്ച പ്രബോധന സംഘങ്ങളെയും സകാത്തും ഖറാജും ശേഖരിക്കാ

നയച്ചവരെയും ചില ഗോത്രങ്ങൾ ആക്രമിക്കുകയുണ്ടായി. അവരെയൊക്കെ സൈനികമായിത്തന്നെ നേരിട്ട് ഒതുക്കേണ്ടതുണ്ടായിരുന്നു. അതിനിടക്കാണ് സിറിയൻ അതിർത്തിയിൽ ബൈസാന്റിയന്മാർ മുസ്‌ലിംകൾക്കെതിരെ പടയൊരുക്കം നടത്തുന്നതായി പ്രവാചകന് വിവരം കിട്ടിയത്. മക്കാവിമോചനത്തിന് കുറച്ചു മുമ്പ് ഒരു ബൈസാന്റിയൻ ഗവർണർ പ്രവാചകന്റെ ദൂതനെ വധിച്ചതിനെ തുടർന്ന് മുസ്‌ലിംകൾ 'മുഅ്ത്വ' എന്ന സ്ഥലത്തുവച്ച് അവരുമായി ഏറ്റുമുട്ടിയിരുന്നു. ഒരു ലക്ഷത്തോളം വരുന്ന ബൈസാന്റിയൻ സേനയോട് ഏറ്റുമുട്ടിയത് കേവലം മൂവായിരം മുസ്‌ലിം ഭടന്മാരായിരുന്നു. എന്നിട്ടും ബൈസാന്റിയർക്ക് മുസ്‌ലിംകളെ തോൽപിക്കാനായില്ല. മുസ്‌ലിംകൾക്കും ജയിക്കാനായില്ല. ഒടുവിൽ ഇരുകക്ഷികളും യുദ്ധരംഗത്തുനിന്ന് പിന്തിരിയുകയായിരുന്നു. കൈവിട്ടുപോയ ആ വിജയം തിരിച്ചുപിടിക്കാനും മുസ്‌ലിംകളെ അടിച്ചൊതുക്കി ഇസ്‌ലാമിന്റെ വളർച്ച എന്നെന്നേക്കുമായി തടയാനുമായിരുന്നു ബൈസാന്റിയന്മാരുടെ പുതിയ പുറപ്പാട്. കുറച്ചുമുമ്പ് പേർഷ്യക്കാരെ പരാജയപ്പെടുത്തിയ സീസറിന്റെ പ്രൗഢി മങ്ങലേൽക്കാതെ കാത്തുസൂക്ഷിക്കാനും അങ്ങനെയൊരു നടപടി ആവശ്യമായിരുന്നു. മുസ്‌ലിംകളെ സംബന്ധിച്ചേടത്തോളം അതിസങ്കീർണമായ പ്രതിസന്ധിയായിരുന്നു ഇത്. റോം മദീനയിലേക്ക് പട നയിച്ചാൽ ഇസ്‌ലാമിനോട് വിരോധമുള്ള എല്ലാ ഗോത്രങ്ങളും അവരോടൊപ്പം കൂടും. മുസ്‌ലിം ഗോത്രങ്ങളിൽ തന്നെയുള്ള കപടവിശ്വാസികളും അവരെ സഹായിക്കും. കഴിഞ്ഞ 20 വർഷമായി ക്ലേശ പൂർണമായ ത്യാഗപരിശ്രമങ്ങളിലൂടെ കെട്ടിപ്പടുത്തതെല്ലാം തകർന്ന് തരിപ്പണമാകും. മദീനയിലാകട്ടെ, കപടവിശ്വാസികളുടെ പ്രശ്നമുണ്ട്. മറ്റ് അറബി ഗോത്രങ്ങളിൽനിന്ന് അപ്പപ്പോൾ ഉയർന്നുവരുന്ന ഭീഷണികളുണ്ട്. പോരാത്തതിന് കടുത്ത ക്ഷാമവും. കാലാവസ്ഥയാണെങ്കിൽ അത്യുഷ്ണം. ബൈസാന്റിയൻ അതിർത്തി പ്രദേശം ഏറെ അകലെയാണ്. അവിടെയെത്താൻ ബഹുദൂരം സഞ്ചരിക്കേണ്ടതുണ്ട്. കുടിവെള്ളം പോലും ആവശ്യത്തിനു ലഭിക്കാത്ത അവസ്ഥ.

പക്ഷേ, പ്രവാചകൻ അശേഷം പതറിയില്ല. തിരുമേനി ശിഷ്യന്മാരെ വിളിച്ച് കാര്യങ്ങൾ പറഞ്ഞ് സൈനിക സജ്ജീകരണത്തിന് ആവശ്യപ്പെട്ടു. ഫണ്ടു ശേഖരണവും തുടങ്ങി. പ്രവാചക ശിഷ്യന്മാർക്ക് കാര്യത്തിന്റെ ഗൗരവം മനസ്സിലായി. ചുരുക്കം ചിലരൊഴിച്ച് എല്ലാവരും യുദ്ധത്തിനു പുറപ്പെടാൻ തയാറായി. ആയുധവും വാഹനവും ഇല്ലാത്തുതുകൊണ്ട് പിന്മാറേണ്ടിവന്നവർ അതിന്റെ പേരിൽ കണ്ണീരൊഴുക്കുകയായിരുന്നു. ചില വിശ്വാസികൾ തങ്ങൾക്കുള്ളതെല്ലാം, ഒന്നും ബാക്കിവെക്കാതെ യുദ്ധഫണ്ടിലേക്ക് സംഭാവന ചെയ്തു. ചിലർ ഉള്ളതിന്റെ പകുതി കൊടുത്തു. അബൂബക്കർ(റ) എല്ലാം കൊടുത്തവരിൽ പെടുന്നു. ഉമർ(റ) കൊടുത്തത് തന്റെ കൈവശമുള്ളതിന്റെ നേർപകുതിയാണ്. ഉഥ്മാൻ, അബ്ദുർറഹ്മാനുബ്നു ഔഫ് തുടങ്ങിയ സമ്പന്നർ വൻ തുകകൾ സംഭാവന ചെയ്തു.

ഹിജ്റ 9-ാം ആണ്ട് റജബ് മാസത്തിൽ 30000 ഭടന്മാരുമായി നബി(സ) സിറിയയിലേക്കു തിരിച്ചു. പ്രവാചകന്റെ നിശ്ചയദാർഢ്യവും മുസ്‌ലിംകളുടെ ആത്മാർപ്പണ സന്നദ്ധതയും കുറിക്കുകൊള്ളുകതന്നെ ചെയ്തു. മുസ്‌ലിംകൾ തബൂക്കിലെത്തിയപ്പോൾ ബൈസാന്റിയൻ സൈന്യം അതിർത്തിയിൽനിന്ന് പിൻവാങ്ങിയ വിവരമാണ് അവരെ എതിരേറ്റത്. മുസ്‌ലിംകൾ തങ്ങളെത്തേടി ഇങ്ങോട്ടുവരുന്നു എന്നറിഞ്ഞതോടെ അവർ പതറി. തങ്ങൾക്ക് കുറേക്കൂടി ഒരുക്കങ്ങൾ വേണമെന്നും ഇല്ലെങ്കിൽ മുഅ്ത്വയിലുണ്ടായതിനെക്കാൾ മോശമായ അനുഭവമുണ്ടാകുമെന്നും തോന്നി. മുഅ്ത്വയിൽ 3000 പേരോട് ഏറ്റുമുട്ടിയപ്പോൾ പോലും നിർണായക വിജയം നേടാനായില്ല. ഇപ്പോൾ എതിരെവരുന്നത് മുപ്പതിനായിരമാണ്. ഇതാണ് ബൈസാന്റിയരുടെ പിന്മാറ്റത്തിനു കാരണം.

മക്കാവിമോചനത്തിനു ശേഷം ഇങ്ങനെ ഒന്നിനു പിറകെ ഒന്നായി മുസ്‌ലിംകൾ രൂക്ഷമായ യുദ്ധ ഭീഷണികൾ നേരിട്ടുകൊണ്ടിരുന്ന സംഘർഷഭരിതമായ പശ്ചാത്തലത്തിലാണ് ഈ സൂറ അവതരിക്കുന്നത്. അതുകൊണ്ടുതന്നെ ഈ സൂറയിൽ യുദ്ധാഹ്വാനങ്ങൾ ധാരാളമായി കാണാം. പൊരുതുക അല്ലെങ്കിൽ ഉന്മൂലനം ചെയ്യപ്പെടുക, ഇതിലേതെങ്കിലുമൊന്നേ അന്ന് മുസ്‌ലിംകൾക്ക് തെരഞ്ഞെടുക്കാനുണ്ടായിരുന്നുള്ളൂ. നശിക്കാൻ നിന്നുകൊടുക്കാതെ ധർമസംസ്ഥാപനാർഥം പൊരുതി നിലനിൽക്കാനാണ് ഖുർആൻ അവരോടാവശ്യപ്പെടുന്നത്. മഹാഭാരതത്തിലെ ഗീതോപദേശത്തെ അനുസ്മരിപ്പിക്കുന്നതാണ് ഈ സൂറയുടെ അവതരണ പശ്ചാത്തലം.

ഒരു വശത്ത് ഇസ്‌ലാമിന്റെ സ്വാധീനവും അംഗബലവും നിരന്തരം വർധിച്ചുകൊണ്ടിരിക്കുക, മറുവശത്ത് അതിനനുസരിച്ച് ഭീഷണിയും കനത്തു വരിക, തുടർച്ചയായ സൈനികയാത്രകൾ, സംഘട്ടനങ്ങൾ. ഒരുവശത്ത് അറേബ്യയിൽ കൈവരുന്ന സ്വാധീനം ഉപയോഗിച്ച് പ്രദേശത്തെ മുഴുവൻ ഇസ്‌ലാമീകരിക്കുക എന്ന ഭാരിച്ച ചുമതല. സമൂഹത്തിന് ഭദ്രമായ കേന്ദ്രം വേണം, നാഗരിക വ്യവസ്ഥ വേണം, നിയമവാഴ്ച വേണം, ധർമവും നീതിയും വാഴണം. എല്ലാം സമയവും സാവകാശവും ആളും അർഥവും ആസൂത്രണവും ആവശ്യമായ കാര്യങ്ങൾ. മറുവശത്ത് ഇതുവരെയുണ്ടാക്കിയെടുത്ത നേട്ടങ്ങളെല്ലാം തച്ചുടച്ച് ഇല്ലാതാക്കാൻ ആർത്തിരമ്പിവരുന്ന ശത്രുക്കൾ. അവരെ നേരിടാനും വേണം സൂക്ഷ്മമായ ആസൂത്രണവും ആളും അർഥവുമൊക്കെ. ഇതിനൊക്കെപുറമെ മെത്തയിലെ പാമ്പുകളായി പ്രവർത്തിക്കുന്ന കപടവിശ്വാസികളെയും ശ്രദ്ധിക്കണം. യഥാർഥ വിശ്വാസികളിൽ തന്നെയുള്ള വീഴ്ചകളും ദൗർബല്യങ്ങളും പരിഹരിക്കണം. പ്രശ്ന കലുഷമായ ഈ സാഹചര്യങ്ങൾ തരണം ചെയ്യാനുള്ള വെളിച്ചമാണ് സൂറ നൽകുന്നത്.

ഹിജ്റ 9-ാം ആണ്ടിലാണ് *അത്തൗബ* അവതരിച്ചത്. സൂറയിലെ 113-ാം സൂക്തം മക്കയിൽ അവതരിച്ചതാണെന്ന് ചിലർ അഭിപ്രായപ്പെട്ടിരിക്കുന്നു. അവസാനത്തെ രണ്ടു സൂക്തങ്ങളും (128, 129) മക്കയിലവതരിച്ചതാണെന്ന് വേറെ ചിലരും അഭിപ്രായപ്പെട്ടിട്ടുണ്ട്.

1 മുതൽ 38 വരെ സൂക്തങ്ങൾ ഹി. 9-ാം ആണ്ടിൽ മദീനയിലെ മുസ്‌ലിംകൾ അബൂബക്കർ(റ)ന്റെ നേതൃത്വത്തിൽ ഹജ്ജിനു പുറപ്പെട്ടപ്പോൾ (ദുൽഖഅദിലോ ദുൽഹജ്ജിലോ) ആണ് അവതരിച്ചത്. ഈ ഭാഗം അവതരിച്ചതിനെത്തുടർന്ന് അത് ഹജ്ജ് നാളിൽ മക്കയിൽ ഒത്തുകൂടുന്ന തീർഥാടകരെ കേൾപ്പിക്കാനായി നബി(സ) അലി(റ)യെ നിയോഗിക്കുകയുണ്ടായി.

സൂറയുടെ ഉള്ളടക്കത്തെ ഇങ്ങനെ സംഗ്രഹിക്കാം:

1) ബഹുദൈവവിശ്വാസത്തിൽനിന്നും വിഗ്രഹാരാധനയിൽനിന്നും അറേബ്യയെ പൂർണമായി മോചിപ്പിക്കുക. അതിന്റെ ഭാഗമായി വിഗ്രഹാരാധകരുമായുള്ള സഖ്യങ്ങൾ അവസാനിപ്പിക്കുക.

2) ഏകദൈവാരാധനക്കു മാത്രമായി നിർമിക്കപ്പെട്ട കഅ്ബയിൽ ബഹുദൈവാരാധന നിരോധിക്കുക. കഅ്ബയുടെ പരിപാലനം ഏകദൈവവിശ്വാസികൾ ഏറ്റെടുക്കുക.

3) നസീഅ് (യുദ്ധം നിഷിദ്ധമായ മാസങ്ങളിൽ മാറ്റം വരുത്തുക) പോലുള്ള ജാഹിലിയ്യാ സമ്പ്രദായങ്ങൾ നിർമാർജനം ചെയ്യുക.

4) ബഹുജനങ്ങളെ ഏകദൈവവിശ്വാസത്തിൽനിന്നു തടയുകയും സ്വന്തം വിശ്വാസങ്ങളും നിയമശാസനകളും അവരുടെ മേൽ അടിച്ചേൽപിക്കുകയും ചെയ്യുന്ന അധികാര ശക്തികളിൽനിന്ന് മോചിപ്പിക്കുക. അത്തരം ശക്തികൾക്കു കീഴിലുള്ള സമൂഹങ്ങളെ ഇസ്ലാമിക സമൂഹത്തിന്റെ ഭാഗമാക്കികൊണ്ട് അവർക്ക് ഇഷ്ടമുള്ള വിശ്വാസങ്ങളും ആചാരങ്ങളും സ്വീകരിക്കാൻ സ്വാതന്ത്ര്യം നൽകുക.

5) മുസ്ലിംകൾക്കിടയിലുള്ള കപടവിശ്വാസികളോട് കർക്കശമായ നയം സ്വീകരിക്കുക. അവരുടെ ഗൂഢാലോചനാ കേന്ദ്രങ്ങൾ തകർക്കുക.

6) യഥാർഥ വിശ്വാസികളുടെ വീഴ്ചകളും ദൗർബല്യങ്ങളും ചൂണ്ടിക്കാണിക്കുകയും ആക്ഷേപിക്കുകയു ചെയ്യുക.

തൊട്ടുമുമ്പുള്ള സൂറ *അൽ അൻഫാൽ* ഹിജ്റയുടെ ആദ്യ വർഷങ്ങളിൽ ബദ്ർ സംഭവവുമായി ബന്ധപ്പെട്ട് അവതരിച്ചതാണ്. ഈ സൂറ ഹിജ്റ 9-ാം വർഷം പ്രവാചകന്റെ മദീനാ ജീവിതത്തിന്റെ അന്ത്യദശയിലാണവതരിച്ചത്. ഇടക്ക് ആറേഴു കൊല്ലങ്ങളുടെ വിടവുണ്ടെങ്കിലും ഉള്ളടക്കത്തിൽ രണ്ടു സൂറകളും തമ്മിൽ വളരെ അടുത്ത ബന്ധമുണ്ട്. മുൻ സൂറയിൽ പരാമർശിച്ച പല വിഷയങ്ങളുടെയും വിശദീകരണവും അനുബന്ധവും ഈ സൂറയിൽ കാണാം. അതുകൊണ്ടുതന്നെയായിരിക്കും, അവതരണ കാലത്തിൽ വർഷങ്ങളുടെ വിടവുണ്ടായിട്ടും ഈ രണ്ടു സൂറകൾ അടുത്തടുത്തായി ക്രോഡീകരിച്ചത്. പല കാര്യങ്ങൾ കൊണ്ടും സൂറ *അൽ അൻഫാലി*ന്റെ പൂരകമാണ് സൂറ *അത്തൗബ.*

ചില ഉദാഹരണങ്ങൾ: 1) *അൽ അൻഫാലി*ൽ കരാറുകളെക്കുറിച്ചും കരാർ ലംഘനങ്ങളെക്കുറിച്ചും പറയുന്നു. ഈ സൂറയുടെ തുടക്കത്തിൽ ആ രണ്ടു വിഷയങ്ങളും കൂടുതൽ വിശദീകരിച്ചിരിക്കുന്നു. 2) വിഗ്രഹാരാധകരും വേദക്കാരുമായ ശത്രുക്കളുമായി ഉണ്ടാകുന്ന ഏറ്റുമുട്ടലുകളെക്കുറിച്ച് രണ്ടു സൂറകളും വിശദമായി സംസാരിക്കുന്നു. 3) *അൽ അൻഫാലി*ൽ ബഹുദൈവവിശ്വാസികൾ ആളുകളെ മസ്ജിദുൽ ഹറാമിൽനിന്ന് തടഞ്ഞതിനെക്കുറിച്ച് പറയുന്നു. വിഗ്രഹാരാധകർക്ക് മസ്ജിദുൽ ഹറാമിന്റെ കൈകാര്യാധികാരികളോ പരിചാരകരോ ആവാൻ അവകാശമില്ലെന്നാണ് ഈ സൂറ പറയുന്നത്. 4) *അൽ അൻഫാൽ* തുടക്കത്തിൽ യഥാർഥ വിശ്വാസികളുടെ ഗുണങ്ങൾ പരാമർശിച്ചിരിക്കുന്നു. ഒപ്പം, സത്യനിഷേധികളുടെ ചില ഗുണങ്ങളും പറഞ്ഞിട്ടുണ്ട്. അവസാന ഭാഗത്ത് സത്യവിശ്വാസികൾ തമ്മിൽ ഉണ്ടായിരിക്കേണ്ട രക്ഷാധികാര ബന്ധത്തെക്കുറിച്ചും പറയുന്നു. ഇതേ സംഗതികൾ *അത്തൗബ*യിലും അവിടവിടെയായി സൂചിപ്പിച്ചു കാണാം. 5) *അൽ അൻഫാലി*ൽ ദൈവികമാർഗത്തിൽ ധനവ്യയം ചെയ്യാൻ വിശ്വാസികളെ പ്രോത്സാഹിപ്പിക്കുന്നുണ്ട്. ആ പ്രോത്സാഹനം കൂടുതൽ ശക്തവും വിശാലവുമായ രൂപത്തിൽ ഈ സൂറയിലും കാണാം. 6) മുൻ സൂറയിൽ സമരാർജിത സമ്പത്തിന്റെ വ്യയക്രമം വിശദീകരിച്ചിരിക്കുന്നു. ഈ സൂറയിൽ സകാത്ത് മുതലിന്റെ വ്യയക്രമം വിശദീകരിച്ചിരിക്കുന്നു. 7) *അൽ അൻഫാലി*ൽ ഒറ്റ സൂക്തത്തിൽ പരാമർശിച്ചിട്ടുള്ള കപടന്മാരെക്കുറിച്ച് ഈ സൂറ ഏറെ വിശദമായി സംസാരിച്ചിരിക്കുന്നു. സൂറകൾക്ക് ഇഷ്ടമുള്ള പേരു വെക്കാൻ നമുക്ക് സ്വാതന്ത്ര്യമുണ്ടായിരുന്നുവെങ്കിൽ, അൽ മുനാഫിഖൂൻ(കപടന്മാർ) എന്ന പേരുവിളിക്കാൻ കൂടുതൽ അർഹമായ സൂറ ഇതാണെന്ന് ഇമാം റശീദ് രിദാ പറയുന്നുണ്ട്.

ഉപരിസൂചിത ബന്ധങ്ങൾ പരിഗണിച്ച് ചിലർ *അൽ അൻഫാലി*ന്റെ ഭാഗം തന്നെയാണ് *അത്തൗബ* എന്നഭിപ്രായപ്പെട്ടിട്ടുണ്ട്. *അത്തൗബ*ക്ക് രണ്ടുഭാഗങ്ങളുണ്ട്. ഒന്ന് സമരാഹ്വാനഭാഗം, രണ്ട് സമരപ്രഖ്യാപന ഭാഗം. *അൽ അൻഫാൽ* ആണ് സമരാഹ്വാനഭാഗം. *അത്തൗബ* യുദ്ധപ്രഖ്യാപന ഭാഗവും. ഒരേ സൂറയുടെ രണ്ടുഭാഗമായതുകൊണ്ടാണ് ഇടക്ക് ബിസ്മി ഇല്ലാത്തതെന്നും അവരഭിപ്രായപ്പെടുന്നു.

*അൽ അൻഫാ*ലും *അത്തൗബ*യും സ്വതന്ത്രവും വ്യത്യസ്തവുമായ രണ്ടു സൂറ തന്നെയാണെന്നതാണ് പ്രബലമായ പക്ഷം. മറ്റു സൂറകളെപ്പോലെ *അത്തൗബ* ബിസ്മികൊണ്ട് തുടങ്ങാത്തതിന് പല കാരണങ്ങൾ പറയപ്പെടുന്നുണ്ട്. ബിസ്മി കാരുണ്യത്തിന്റെയും സമാധാനത്തിന്റെയും മുദ്രയാണ്. ബറാഅ സൂറ യുദ്ധത്തെയും ശിക്ഷയെയും സന്ധിലംഘനത്തെയും കുറിച്ചാണ് പറയുന്നത്. അതിൽ കാരുണ്യവും സമാധാനവുമില്ല. അതുകൊണ്ടാണ് ബിസ്മി ഒഴിവാക്കപ്പെട്ടതെന്നാണ് ഇബ്നു അബ്ബാസ് പറയുന്നത്. നേരത്തെ സൂചിപ്പിച്ചതുപോലെ രണ്ടു സൂറയുടെയും ഉള്ളടക്കം പരസ്പര പൂരകമായതുകൊണ്ടാണ് ബിസ്മി വേണ്ടെന്നുവെച്ചതെന്നാണ് ചില പണ്ഡിതന്മാരുടെ നിഗമനം. ഇമാം ഖുശൈരിയെ ഉദ്ധരിച്ചുകൊണ്ട് ഖുർതുബി പറഞ്ഞതാണ് കൂടുതൽ ആധികാരികമായിട്ടുള്ളത്: 'ഈ സൂറയുടെ തുടക്കത്തിൽ 'ബിസ്മി' എഴുതപ്പെട്ടിട്ടില്ല എന്നതാണ് ശരിയായ വസ്തുത. കാരണം ജിബ്രീൽ ഈ സൂറയിൽ ബിസ്മി ഇറക്കിയിട്ടില്ല. അതുകൊണ്ട് പ്രവാചക ശിഷ്യന്മാർ മാതൃ മുസ്ഹഫിൽ അതെഴുതിയിട്ടുമില്ല. തിർമിദി പ്രസ്താവിച്ചിട്ടുള്ളതനുസരിച്ച് അവർ അമീറുൽ മുഅ്മിനീൻ ഉഥ്മാനെ(റ) അനുകരിക്കുകയായിരുന്നു.' ഖുർആൻ അവതരിച്ച അതേ രൂപത്തിൽ യാതൊരു മാറ്റവുമില്ലാതെ രേഖപ്പെടുത്തുന്നതിലും സംരക്ഷിക്കുന്നതിലും പ്രവാചക ശിഷ്യന്മാരും അവരുടെ പിൻഗാമികളും കാണിച്ച ശുഷ്കാന്തിയും ജാഗ്രതയുമാണ് ഇതു വെളിപ്പെടുത്തുന്നത്. ■